# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 201 30/11/2015-ൽ മറുപടിയ്ക്ക്**

**തീരദേശറോഡുകളുടെ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജോസഫ് വാഴയ്ക്കൻ:**<br>**ശ്രീ. അൻവർ സാദത്ത്:**<br>**ശ്രീ. വി. ഡി. സതീശൻ:**<br>**ശ്രീ. എ. റ്റി. ജോർജ്:** | | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** | |
| (എ) | സംസ്ഥാനത്ത് തീരദേശറോഡുകൾ നിർമ്മിക്കുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. 2009-10 സാമ്പത്തികവർഷം മുതൽ 'തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി' യിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/ റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ് 'തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി' യിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. ടി തീരദേശറോഡുകളുടെ നിർമ്മാണം/ പുനരുദ്ധാരണത്തിലൂടെ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിതനിലവാരം മെച്ച പ്പെടുത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ? | (സി) | എം.എൽ.എ/ എം.പി/ മറ്റ് വിവിധ പ്രതിനിധികൾ ശുപാർശ ചെയ്യുന്ന റോഡുകൾക്ക് വകുപ്പു തലത്തിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ആഫീസർ**